# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 533 — 05.06.2018 ലെ മറുപടിക്ക്

**ചോദ്യം**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

**മറുപടി**

ഡോ. റ്റി.എം.തോമസ് ഐസക്
ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

## അഡീഷണൽ ആതറൈസേഷൻ പ്രൊപ്പോസൽ

| | |
|---|---|
| (എ) വിദ്യാഭ്യാസ വകുപ്പിൽ നിന്ന് 2016-17, 2017-18 എന്നീ വർഷങ്ങളിൽ അഡീഷണൽ ആതറൈസേഷനു വേണ്ടി സമർപ്പിച്ച പ്രൊപ്പോസലുകൾ ഏതെല്ലാം; പ്രൊപ്പോസൽ സമർപ്പിച്ചത് എന്ന്; വ്യക്തമാക്കുമോ;<br>(ബി) അഡീഷണൽ ആതറൈസേഷൻ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എന്നാണ് അനുവദിച്ചതെന്നും ഏതെല്ലാം വിഭാഗത്തിനു വേണ്ടിയാണെന്നും വ്യക്തമാക്കുമോ;<br>(സി) അനുവദിച്ച ഫണ്ട് ചെലവഴിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;<br>(ഡി) 2017-2018 ബഡ്ജറ്റിൽ വകയിരുത്തുകയും എന്നാൽ ചെലവഴിക്കാത്തതുമായ തുക എത്രയെന്ന് ഹെഡ് തിരിച്ച് വ്യക്തമാക്കുമോ? | 2016-17ൽ പൊതുവിദ്യാഭ്യാസത്തിനു കീഴിൽ 2202-പൊതുവിദ്യാഭ്യാസം-ശീർഷകത്തിൽ 540.17 കോടി രൂപയും 2203-സാങ്കേതിക വിദ്യാഭ്യാസം ശീർഷകത്തിൽ 25.48 കോടി രൂപയും 4202-ശീർഷകത്തിനു കീഴിൽ വിദ്യാഭ്യാസ വകുപ്പിന്റെ മൂലധന ചെലവിനത്തിൽ 119.86 കോടി രൂപയും ഉൾപ്പെടെ ബജറ്റ് രേഖകൾ പ്രകാരം 685.51 കോടി രൂപ അധിക അനുമതിയായി അനുവദിച്ച് നല്കിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷാവസാനം വിദ്യാഭ്യാസ വകുപ്പ് സമർപ്പിച്ച അന്തിമമായ ധന പുനർവിനിയോഗ ശിപാർശകളുടെയും ചെലവാക്കാത്ത തുകകളുടെ സറണ്ടർ പ്രൊപ്പോസലുകളുടെയും അടിസ്ഥാനത്തിൽ, അനുവദിച്ച അധിക തുകയിൽ 655.41 കോടി രൂപ ചെലവായതായും 30.10 കോടി രൂപ ചെലവാക്കാത്തതായും കാണുന്നുണ്ട്. 2017-18 സാമ്പത്തിക വർഷം പൊതുവിദ്യാഭ്യാസത്തിനു കീഴിൽ 2202-ശീർഷകത്തിൽ 162.25 കോടി രൂപയും 2203-സാങ്കേതിക വിദ്യാഭ്യാസം ശീർഷകത്തിൽ 33.77 കോടി രൂപയും 4202-ശീർഷകത്തിനു കീഴിൽ വിദ്യാഭ്യാസ വകുപ്പിന്റെ മൂലധന |

| | |
|---|---|
| | ചെലവിനത്തിൽ 267.43 കോടി രൂപയും ഉൾപ്പെടെ ബജറ്റ് രേഖകൾ പ്രകാരം 463.44 കോടി രൂപ അധിക അനുമതിയായി അനുവദിച്ച് നല്കിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷാവസാനം വിദ്യാഭ്യാസ വകുപ്പ് സമർപ്പിച്ച അന്തിമമായ ധന പുനർവിനിയോഗ ശിപാർശകളുടെയും ചെലവാക്കാത്ത തുകകളുടെ സറണ്ടർ പ്രൊപ്പോസലുകളുടെയും അടിസ്ഥാനത്തിൽ അനുവദിച്ച അധിക തുകയിൽ 378.73 കോടി രൂപ ചെലവായതായും 84.71 കോടി രൂപ ചെലവാക്കാത്തതായും കാണുന്നുണ്ട്. |

**അക്കൗണ്ട്സ് ഓഫീസർ**